ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ 2015-ലേക്ക് 16-3-2015 മുതൽ അപേക്ഷ സ്വീകരിച്ചുതുടങ്ങി.

(ബി-ഡി) 17-3-2015 മുതൽ 8-6-2015 വരെ വിവിധ തരത്തിലുള്ള 39,676 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 21,114 അപേക്ഷകൾക്ക് ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചു. ഇവയിലൊന്നുംതന്നെ ജനസമ്പർക്ക പരിപാടിവഴി തീർപ്പാക്കിയിട്ടില്ല.

എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടങ്ങൾ

91 (95) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത ഇനത്തിൽ കടം എഴുതിത്തള്ളാൻ ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ടെന്നും പ്രസ്തുത തുക ഉപയോഗിച്ച് എത്ര പേരുടെ കടം എഴുതിത്തള്ളിയിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) പുറപ്പെടുവിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി 10-10-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 298/14/ ആ.കാ.വ. പ്രകാരം മാനദണ്ഡങ്ങൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉത്തരം ഒന്നിലെ മാനദണ്ഡങ്ങൾ അനുസരിച്ച് 50,000 രൂപ വരെയുള്ള കടബാദ്ധ്യതകൾക്ക് കടാശ്വാസത്തിനായി പ്രാഥമികമായി 7.25 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 50,000 രൂപയ്ക്ക് മുകളിൽ മൂന്ന് ലക്ഷം വരെയുള്ള കടബാദ്ധ്യതകൾ രോഗാവസ്ഥ, കടത്തിന്റെ ആവശ്യകത, കടമെടുത്ത പണത്തിന്റെ ഉപയോഗം, തിരിച്ചടയ്ക്കാനുള്ളശേഷി തുടങ്ങിയവ ജില്ലാ കളക്ടർ ചെയർമാനായ കടാശ്വാസ കമ്മിറ്റി പരിശോധിച്ചതിനുശേഷം കടാശ്വാസത്തിനായി പരിഗണിക്കാവുന്നതാണെന്ന് മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ കെയ്മുകൾ സംബന്ധിച്ച് നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. നിലവിൽ ആരുടെയും വായ്പകൾ എഴുതിത്തള്ളിയിട്ടില്ല. തുക ഉടൻ അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly